കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക

1655 [2479] ശ്രീ. കെ. പി. പ്രഭാകരൻ:
,, വി. കെ. രാജൻ:
,, പി. കുമാരൻ:
,, കെ. വി. സുരേന്ദ്രനാഥ്:
ഡോക്ടർ എ. സുബ്ബറാവു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986 സെപ്റ്റംബർ 30 വരെ കൊടുത്തു തീർക്കേണ്ട കർഷകത്തൊഴിലാളി പെൻഷൻ തുകയുടെ ജില്ല തിരിച്ചുള്ള കണക്കു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടിശ്ശിക എന്നു കൊടുത്തു തീർക്കും?

ഉത്തരം

(എ)

തിരുവനന്തപുരം	6,61,230 രൂപ
കൊല്ലം	ഇല്ല
ആലപ്പുഴ	4,61,430 ,,
പത്തനംതിട്ട	ഇല്ല
കോട്ടയം	ഇല്ല
ഇടുക്കി	ഇല്ല
എറണാകുളം	6,67,845 ,,
തൃശൂർ	12,10,545 ,,
പാലക്കാട്	28,32,165 ,,
മലപ്പുറം	28,41,075 ,,
കോഴിക്കോട്	25,52,850 ,,
വയനാട്	3,22,110 ,,
കണ്ണൂർ	12,81,285 ,,
കാസർകോഡ്	ഇല്ല

(ബി) 1986 ഡിസംബർ 31–നു മുൻപ് കൊടുത്തു തീർക്കും.

കർഷക തൊഴിലാളി പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി

1656 [2480] ശ്രീ. എം. വി. രാഘവൻ:
,, സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കർഷക തൊഴിലാളി പെൻഷൻ എത്ര തുക വീതമാണ് നൽകുന്നത്;

(ബി) പെൻഷൻ തുക 100 രൂപയായി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 45 രൂപ വീതം.

(ബി) സാമ്പത്തിക പരിമിതികൾ മൂലം ഇതിന് സാദ്ധ്യമല്ല.

പാലക്കാട്, അഗളി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും പാർട്ടൈം സ്വീപ്പർ തസ്തികയ്ക്കു നൽകിയ ലിസ്റ്റ്

1657 [2482] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗളി സെക്ഷൻ സോയിൽ കൺസർവേഷൻ ഓഫീസിൽ പാർട്ടൈം സ്വീപ്പർ പോസ്റ്റിലേക്കു നിയമനം നടത്തുവാനായി

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് ജില്ലാ എംപ്ലോയ്മെൻറ് ഓഫീസിൽനിന്നോ അഗളി എംപ്ലോയ്മെൻറ് ബ്യൂറോയിൽനിന്നോ തൊഴിലന്വേഷകരുടെ ലിസ്റ്റ് 1986—ൽ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതനുസരിച്ച് ലിസ്റ്റ് നൽകിയിട്ടുണ്ടോ;

(സി) നൽകിയിട്ടുണ്ടെങ്കിൽ എത്രപേരുടെ ലിസ്റ്റ് നൽകി;

(ഡി) ഓരോരുത്തരും എത്ര വർഷമായി പേരു രജിസ്റ്റർ ചെയ്തിരുന്നവരാണ്;

(ഇ) എക്സ്ചേഞ്ചിലെ സീനിയോറിറ്റി മറികടന്നു കൊണ്ടാണോ ലിസ്റ്റ് നൽകിയത്;

(എഫ്) ആണെങ്കിൽ ഇതിനുത്തരവാദികളായവർക്കെതിരെ ശിക്ഷണനടപടി സ്വീകരിക്കുമോ;

(ജി) ഇതു സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഗവൺമെൻറിൽ ലഭിച്ചിട്ടുണ്ടോ;

(എച്ച്) എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്.

(സി) 5 പേരുടെ ലിസ്റ്റ് നൽകി.

(ഡി) ഓരോരുത്തരും ബ്യൂറോയിൽ പേരു രജിസ്റ്റർ ചെയ്ത തീയതികൾ താഴെ കൊടുത്തിരിക്കുന്നു.

1. 25—9—1981
2. 25—9—1981
3. 6—5—1985
4. 23—5—1986 (പാലക്കാട് എംപ്ലോയ്മെൻറ് എക്സ് ചേഞ്ചിൽ 20—7—1986 മുതൽ രജിസ്ട്രേഷൻ സീനിയോറിറ്റിയുള്ളത്)
5. 19—6—1986

(ഇ) സീനിയോറിറ്റി മറികടന്നതായി എംപ്ലോയ്മെൻറ് എക്സ് ചേഞ്ച് രേഖകളിൽ കാണുന്നില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ഇല്ല.

(എച്ച്) ഉദിക്കുന്നില്ല.

ഗവൺമെൻറ് വാഹനങ്ങളുള്ള തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻമാർ

1658 [2483] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻമാർക്കാണ് ഗവൺമെൻറ് വാഹനം നൽകിയിട്ടുള്ളതെന്നു വ്യക്തമാക്കാമോ;

(ബി) എല്ലാ റീജിയണൽ ലേബർ കമ്മീഷണർമാർക്കും വാഹനം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly